ഇറാക്ക് യുദ്ധ പ്രഖ്യാപനത്തെ തുടർന്ന് ഗൾഫിൽ നിന്നും മടങ്ങിയവരും തിരികെ പോയവരും

155 (1466) ശ്രീ. കെ. ബാബു :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. ജോർജ്. ജെ. മാത്യു :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിൽ എത്ര മലയാളികളാണുള്ളത് ;

(ബി) ഇറാക്കിന്റെ മേലുള്ള അമേരിക്കയുടെ യുദ്ധപ്രഖ്യാപനത്തെ തുടർന്ന് എത്രപേരെ എത്ര ദിവസംകൊണ്ട് സ്വദേശത്തെത്തിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) ഇവർക്കെല്ലാം തിരിച്ചു പോകുവാൻ കഴിഞ്ഞിട്ടുണ്ടോ ?

ഉത്തരം

(എ) ഗൾഫ് രാജ്യങ്ങളിലെ മലയാളികളുടെ കൃത്യമായ കണക്കുകൾ സർക്കാരിൽ ലഭ്യമല്ല.

(ബി&സി) യുദ്ധപ്രഖ്യാപനത്തെ തുടർന്ന് സർക്കാർ തലത്തിൽ കൂടിയൊഴിപ്പിക്കൽ നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല. അതിനാൽ കൃത്യമായ കണക്കുകൾ സർക്കാരിൽ ലഭ്യമല്ല.

ഗൾഫ് രാജ്യങ്ങളിലെ ലേബർ ക്യാമ്പുകളിൽപ്പെട്ടവരെ മോചിപ്പിക്കാൻ നടപടി

156 (1467) ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ ::
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിൽ വീട്ടുജോലിക്കാരായി എത്ര മലയാളികൾ പണിയെടുക്കുന്നുണ്ട് ;

(ബി) അവിടങ്ങളിലെ ലേബർ ക്യാമ്പുകളിൽ മലയാളികൾ പണിയെടുക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര പേർ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അവിടെ വീട്ടുജോലിയിലേർപ്പെട്ടിരിക്കുന്നവർക്ക് അർഹമായ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിക്കുവാൻ എന്ത് നടപടിയെടുത്തിട്ടുണ്ട് ;

(ഇ) ലേബർ ക്യാമ്പുകളിൽപ്പെട്ടവരെ മോചിപ്പിക്കുവാൻ എന്ത് നടപടിയെടുത്തുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച കൃത്യമായ കണക്കുകൾ സർക്കാരിൽ ലഭ്യമല്ല.

(ബി&സി) ലേബർ ക്യാമ്പുകൾ തൊഴിലാളികളുടെ താമസസ്ഥലമാണ്. ഓരോ തൊഴിൽ ഉടമയ്ക്കും പ്രത്യേകം പ്രത്യേകം ലേബർ ക്യാമ്പുകൾ നിലവിലുണ്ട്. മൊത്തം ലേബർ ക്യാമ്പുകളുടെ സംഖ്യയോ, അവിടെ താമസിക്കുന്ന മലയാളികളുടെ കണക്കോ ലഭ്യമല്ല.

(ഡി) തൊഴിൽ ഉടമ്പടി (labour contract) പ്രകാരം തൊഴിൽ ഉടമ (Sponsor) തൊഴിലാളികൾക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകേണ്ടതാണ്. ഇതിൽ എന്തെങ്കിലും വീഴ്ച വരുത്തുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ അതാത് രാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്രകാര്യാലയങ്ങൾ മുഖേന ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ലേബർ ക്യാമ്പുകൾ തൊഴിലാളികളുടെ താമസസ്ഥലമായതിനാൽ അവിടെനിന്നും അവരെ മോചിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

വിദേശത്ത് വച്ച് മരിക്കുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള നടപടി ക്രമങ്ങളിലെ മാറ്റം

157 (1468) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശത്തുവച്ച് നിര്യാതരാകുന്ന മലയാളികളുടെ മൃതദേഹങ്ങൾ നാട്ടിലേക്ക് കൊണ്ടുവരുന്നതു സംബന്ധിച്ച നടപടി ക്രമങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എന്തെന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത നടപടിക്രമങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഈ വിഷയത്തിൽ മാറ്റങ്ങൾ വന്നിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

ചോദ്യം നമ്പർ 1450-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly